# ഗവ: എൽ. പി. സ്കൂൾ ചമൽ



# പടവുകൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## താമരശ്ശേരി വിദ്യാഭ്യാസ ഉപജില്ല

# അക്കാദമിക

# മാസ്റ്റർപ്ലാൻ

## ജി.എൽ.പി.എസ്

## ചമൽ

## 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ശിശുസൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ കാലത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ കുട്ടികൾക്ക് കഴിയുമെന്ന് ഞങ്ങൾക്ക് ഉത്തമബോധ്യമുണ്ട്. സ്കൂളുകളിൽ ഞങ്ങൾക്ക് ഉത്തമബോധ്യമുണ്ട്. സ്കൂളുകളിൽ ഭൗതിക സാഹചര്യവും അക്കാദമിക നിലവാരവും ഒരു പോലെ മെച്ചപ്പെട്ടു വരികയാണ്.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ചമൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രൈമറി വിദ്യാലയമാണ് ചമൽ ഗവ.എൽ.പി.സ്കൂൾ. ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളും പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രീപ്രൈമറിയും ഇവിടെ ഉണ്ട്.

മികച്ച അധ്യാപനരീതി, തികഞ്ഞ അച്ചടക്കം ഇംഗ്ലീഷ് പഠനത്തിന് പ്രത്യേക പരിശീലനങ്ങൾ, കല കായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ, വ്യക്തിത്വ വികസനത്തിനുതകുന്ന ക്യാമ്പുകൾ ഗണിത ശാസ്ത്ര പ്രവർത്തി പരിചയമേളകൾക്ക് പ്രത്യേക പരിശീലനങ്ങൾ, കായിക പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിശീലനം തുടങ്ങിയ മികവാർന്ന പ്രവർത്തനങ്ങൾ ഇവ ഈ വിദ്യാലയത്തെ വ്യത്യസ്തമാക്കുന്നു.

## ഉള്ളടക്കം


| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | വിഷയം/മേഖല | കാലം/പരിധി |
|---|---|---|---|
| 1. | അക്ഷരഖനി | മലയാളം | 5 വർഷം (ദീർഘം) |
| 2. | വായനാവസന്തം | മലയാളം | ദീർഘം |
| 3. | ക്ലാസ് ലൈബ്രറി | മലയാളം | ഹ്രസ്വം |
| 4. | ജ്വാല | മലയാളം,ഇംഗ്ലീഷ് | ദീർഘം |
| 5. | വിസ്മയം | മലയാളം | മദ്ധ്യം |
| 6. | ഈസി ഇംഗ്ലീഷ് | ഇംഗ്ലീഷ് | ദീർഘം |
| 7. | ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് | മദ്ധ്യം |
| 8. | കളിയും കാര്യവും | അടിസ്ഥാന ഗണിതം | ദീർഘം |
| 9. | ഗണിത ക്ലബ് | അടിസ്ഥാന ഗണിതം | മദ്ധ്യം |
| 10. | മെട്രിക് മേള | അടിസ്ഥാന ഗണിതം | ഹ്രസ്വം |
| 11. | ലോകജാലകം | അടിസ്ഥാന ശാസ്ത്രം | ദീർഘം |
| 12. | ശാസ്ത്ര കൗതുകം | അടിസ്ഥാന ശാസ്ത്രം | ദീർഘം |
| 13. | സ്കൂൾ തല ശാസ്ത്രമേള | അടിസ്ഥാന ശാസ്ത്രം | ഹ്രസ്വം |
| 14. | സൗഗന്ധ്യം | അടിസ്ഥാന ശാസ്ത്രം | ദീർഘം |
| 15. | ജൈവവൈവിധ്യ പാർക്ക് | അടിസ്ഥാന ശാസ്ത്രം (ഭൗതികം) | ദീർഘം |
| 16. | പ്രാദേശിക വിഭവ ഭൂപടം | കലാപഠനം | ഹ്രസ്വം |
| 17. | ടാലന്റ് ലാബ് | കലാപഠനം | ദീർഘം |
| 18. | രക്ഷാകർതൃ ബോധവൽക്കരണം | ഹ്രസ്വം | |
| 19. | സ്കൂൾ വാർഷികം | കലാപഠനം | ഹ്രസ്വം |
| 20. | കായിക ക്ലബ് | കായികവിദ്യാഭ്യാസം | ഹ്രസ്വം |
| 21. | സൈക്കിൾ പരിശീലനം | കായിക വിദ്യാഭ്യാസം | ഹ്രസ്വം |
| 22. | കരാട്ടെ പരിശീലനം | കായികവിദ്യാഭ്യാസം | മദ്ധ്യം |
| 23. | തൊഴിൽ പരിശീലനം | പ്രവൃത്തി പരിചയം | ദീർഘം |
| 24. | തയ്യൽ പരിശീലനം | പ്രവൃത്തി പരിചയം | മദ്ധ്യം |
| 25. | സഹവാസ ക്യാമ്പ് | സാമൂഹ്യ പങ്കാളിത്തം | ഹ്രസ്വം |
| 26. | എൽ.എസ്.എസ്. പരിശീലനം | പ്രതിഭാപോഷണം | മദ്ധ്യം |
| 27. | പ്രഭാത ഭക്ഷണം | | ദീർഘം |

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | വിഷയം/മേഖല | കാലപരിധി |
|---|---|---|---|
| 28. | പ്രാദേശിക പി.ടി.എ | സാമൂഹ്യപങ്കാളിത്തം | മദ്ധ്യം |
| 29. | അറബിക് മധുരം | അറബി | ദീർഘം |
| 30. | വായനാലോകം | അറബി | ദീർഘം |
| 31. | ആസ്വാദനലോകം | അറബി | ദീർഘം |
| 32. | അനുഭവലോകം | അറബി | ഹ്രസ്വം |
| 33. | പദപരിചയം | അറബി | ഹ്രസ്വം |
| 34. | അറബിക് അസംബ്ലി | അറബി | ഹ്രസ്വം |
| 35. | അറബിക് ഫെസ്റ്റ് | അറബി | ഹ്രസ്വം |
| 36. | സ്കൂൾ വാർഷികം | അറബി | ഹ്രസ്വം |
| 37. | നല്ല എഴുത്ത് | അറബി | ഹ്രസ്വം |
| 38. | ഡിജിറ്റൽ ലോകം | അറബി | ഹ്രസ്വം |
| 39. | എഴുത്തിന്റെ ലോകം | അറബി | ഹ്രസ്വം |
| 40. | മത്സരങ്ങളുടെ ലോകം | അറബി | ഹ്രസ്വം |
| 41. | ദിനാചരണങ്ങൾ | അറബി | ഹ്രസ്വം |
| 42. | സങ്കലിത വിദ്യാഭ്യാസം | IEDC | ഹ്രസ്വം |

# വിദ്യാലയ ചരിത്രം

ജി.എൽ.പി.എസ്.ചമൽ

കോഴിക്കോട് ജില്ലയിൽ താമരശ്ശേരി പഞ്ചായത്ത് ആസ്ഥാനത്തിന് 8 കി.മീ വടക്കുമാറി കുന്നുകളാൽ വലയം ചെയ്യപ്പെട്ട് കിടക്കുന്ന പിന്നോക്ക പ്രദേശമാണ് ചമൽ, അരനൂറ്റാണ്ടിലേറെ പഴക്കമുള്ള കർഷക കുടിയേറ്റങ്ങളുടേയും തുടർന്ന നടന്ന അവകാശ പോരാട്ടങ്ങളുടേയും ചരിത്രമുറങ്ങുന്ന ഈ പ്രദേശം അന്ന് വന്യമൃഗങ്ങൾ സ്വൈര്യവിഹാരം നടത്തിയിരുന്ന വനമേഖലയുടെ ഭാഗമായിരുന്ന. പൂർവ്വികരായിരുന്ന ആദിവാസികൾ വനത്തെ ആശ്രയിച്ച് കഴിഞ്ഞിരുന്നു. പിൽക്കാലത്ത് ഈ പ്രദേശത്തെ വൻമരങ്ങൾ വെട്ടിമാറ്റപ്പെട്ടു. മരങ്ങളുടെ കരിയില കൾ(ചമ്മൽ) കൂടി കിടക്കുന്ന പ്രദേശമായതിനാൽ ഈ സ്ഥലത്തിന് ചമ്മൽ എന്നും പിൽക്കാലത്ത് ചമൽ എന്നും പേരുവന്നെന്ന് പൂർവ്വി കർ പറയുന്നു.

1950കളിൽ വിദൂര നാടുകളിൽ നിന്നും കർഷകരും കർഷക തൊഴി ലാളികളും ഇവിടെ കുടിയേറി. അന്ന് 8 കി.മീ ചുറ്റളവിലൊന്നും തന്നെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുണ്ടായിരുന്നില്ല. പ്രായമായിട്ടും കുട്ടി കളെ സ്കൂളിലാക്കാനാവാതെ രക്ഷിതാക്കൾ വിഷമിച്ചു. പ്രശ്ന പരി ഹാരത്തിനായി നാട്ടുകാർ ആലോചന നടത്തി. മദ്രസ പഠനത്തിനായി ചെമ്പ്രകുഞ്ഞ്യാതി ഹാജിയുടെ സ്ഥലത്ത് കെട്ടിയുണ്ടാക്കിയ ഷെഡിൽ എല്ലാ കുട്ടികൾക്കും അക്ഷരാഭ്യാസത്തിനുള്ള അവസരമൊ രുക്കാൻ ധാരണയായി. 1954 ഒക്ടോബർ 4 ന് 27 കുട്ടികളുമായി ഒരു ഏകാധ്യാപക വിദ്യാലയം നിലവിൽ വന്നു. ഗവൺമെന്റ് എലിമെന്ററി സ്കൂൾ എന്നായിരുന്നു പേര്. പ്രഥമ അധ്യാപകയായി ഫാറൂഖ് സ്വദേശി ശ്രീമതി. എം.കെ. ഭാരതി ചുമതലയേറ്റു. പ്രഥമ വിദ്യാർത്ഥി പട്ടികജാ തിയിൽ പെട്ട സി.വി.ഗോപാലൻ ആയിരുന്നു. പരേതനായ ചെറിയോ മൻ നായർ കുഞ്ഞിക്കണ്ണൻ മാഷ്, കുഞ്ഞ്യാതി ഹാജി, കെ.കെ. കുഞ്ഞി രായിൻ എന്നിവർ ഈ സ്ഥാപനത്തിന് വേണ്ടി ആദ്യഘട്ടത്തിൽ പ്രവർത്തിച്ച് മഹത് വ്യക്തികളാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- ★ വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്ത അധ്യയനം ഉറപ്പാക്കുക.
- ★ കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മകവുമായ പ്രവർത്തന പദ്ധതി രൂപീകരിച്ചു നടപ്പാക്കുക.
- ★ പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- ★ കുട്ടികളുടെ ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ★ വിദ്യാലയത്തിന്റെ എല്ലാ മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- ★ പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക
- ★ ശിശുസൗഹൃദാന്തരീക്ഷം വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ★ വിഷയബന്ധിതമായി സഹവാസക്യാമ്പുകൾ സംഘടിപ്പിക്കുക.
- ★ ഇംഗ്ലീഷ് പഠനത്തിന് പ്രത്യേകം ക്ലാസുകൾ നടത്തുക.
- ★ ഭാഷാ പഠനത്തിന് സ്കൂൾ തല പ്രവർത്തനങ്ങൾക്കു പുറമേ ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ പ്രത്യേക പരിശീലനം
- ★ പ്ലാസ്റ്റിക് കീടനാശിനി വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക
- ★ മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, എന്നീ ഭാഷകൾക്ക് പ്രത്യേക പരിശീലനം
- ★ പ്രകൃതി തന്നെ വിദ്യാലയം എന്ന ആശയം ഉൾക്കൊള്ളുന്ന പഠന ബോധനരീതി സ്വീകരിക്കുക

## വിദ്യാലയത്തിന്റെ ആരംഭം

1957 ൽ കുഞ്ഞിക്കണ്ണൻ മാഷിന്റെ ഉടമസ്ഥതയിലുള്ള റി.സർവ്വെ നമ്പർ 38/2 ൽ പെട്ട സ്ഥലത്ത് ഷെഡ്കെട്ടി അദ്ധ്യയനം അവിടേക്ക് മാറ്റി. പ്രഥമ പി.ടി.എ.പ്രസിഡണ്ട് വർക്കി കുമ്പോളോലിലിന്റെ നേതൃത്വത്തിൽ പിരിവിട്ട് സ്കൂൾ സ്ഥിതിചെയ്യുന്നതുൾപ്പെടെ 50 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി ഒരു ഷെഡ് കൂടി പണിതു നൽകി ഇമ്പിച്ചിരാരു,എൻ.പി. മൊയ്തീൻ കുട്ടി ഹാജി എന്നിവരും ഈ സ്ഥാപനത്തിന് വേണ്ടി പ്രവർത്തിച്ചവരിൽപെടുന്നു. താമരശ്ശേരി പഞ്ചായത്തിലെ 3-ാം വാർഡിൽ ചമൽ തലയാടേ റോഡിന്റെ കിഴക്ക് 1 മുതൽ 5 വരെ ക്ലാസുകളിലായി പഠിക്കുന്ന ചമൽ ഗവ:എൽ.പി.സ്കൂളിന്റെ ആരംഭം ഇങ്ങനെയാണ്.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തെ ഉയർത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുളള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ആദ്യപടി യായി ഭൗതിക വികസനപ്രവർത്തനങ്ങൾക്ക് മുന്നേറ്റമുണ്ടായി. രണ്ടാംഘട്ടം അക്കാദമിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്നതാണ്. പൊതു വിദ്യാ ലയത്തിലെത്തുന്ന ഓരോ കുട്ടിക്കും പാഠ്യപദ്ധതി ഉദ്ദേശിച്ച പഠനനേട്ടവും പങ്കാ ളിത്തവും ഉറപ്പാക്കാൻ നാം തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ സഹാ യകമാകണം.

★ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കുട്ടിയുടെ പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടു ണ്ട് എന്ന് ഉറപ്പ് വരുത്തുക.

★ പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പിന്തുണാസംവിധാനം ഒരുക്കുക

★ ക്ലാസ്മുറികളിൽ ആവശ്യമായ ഡിക്ഷണറികൾ, പഠനപ്രവർത്തനങ്ങ ളുമായി ബന്ധപ്പെട്ട് വായിക്കേണ്ട പുസ്തകങ്ങൾ ഇവ ലഭ്യമാക്കുക.

★ ക്ലാസ് ലൈബ്രറികൾ ശാക്തീകരിക്കുക.

★ കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തകുയും പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുക.

★ കലാകായിക പ്രവൃത്തി പരിചയമേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുക, അക്കാദമിക, ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

★ ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.

★ പഠനവും ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കുക.

★ എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.

★ ക്ലാസ് ലൈബ്രറി,പഠനപ്രക്രിയയുടെ ഭാഗമാക്കും.

- ★ ഫീൽഡ് ട്രിപ്പുകൾ, സഹവാസക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ദ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തും.
- ★ കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- ★ മാലിന്യസംസ്കാരം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക
- ★ ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പിലാക്കുക
- ★ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.

| അക്കാദമിക മികവുകൾ | |
|---|---|
| പ്രവേശനോത്സവം | പഞ്ചായത്ത് പ്രസിഡണ്ട്, ജനപ്രതിനിധികൾ രക്ഷിതാക്കൾ, നാട്ടുകാർ, ഇവരുടെ സജീവ പങ്കാളിത്തത്തോടെ പ്രവേശനോത്സവം, സ്കൂൾ പ്രവേശനത്തിൽ മുന്നേറ്റം, 20 ഓളം പേർ അധികം ചേർന്നു. |
| ദിനാചരണങ്ങൾ | പ്രവേശനോത്സവം, ഹിരോഷിമനാഗസാക്കി ദിനം,സ്വാതന്ത്ര്യദിനം, ശിശു ദിനം എന്നീ ദിന ങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ വർണ ശബളമായ റാലി. ഓണക്കളികൾ, വിഭവ സമൃ ദ്ധമായ ഓണസദ്യ, വിവിധ മത്സരങ്ങൾ, സാമൂഹ്യ പങ്കാളിത്തത്തോടെ. |
| സബ്ജില്ലാതലമേളകൾ | എല്ലാത്തിലും സജീവ പങ്കാളിത്ത് കലാമേള- യു. പി.വിഭാഗം പദ്യംചൊല്ലൽ ലളിതഗാനം ഇവയിൽ A grade |
| പഞ്ചായത്ത് തല കായികമേള | 2-ാം സ്ഥാനം |
| എൽ.എസ്.എസ്. | 4 കുട്ടികൾക്ക് സ്കോളർഷിപ്പ് |
| സഹവാസ ക്യാമ്പ് | സാമൂഹ്യപങ്കാളിത്തത്തോടെ 3,4,5 ക്ലാസുകളിലെ കുട്ടികൾക്കായി സഹവാസ ക്യാമ്പ് സംഘടി പ്പിച്ചു. |
| എൽ.എസ്.എസ് | LSS, കുട്ടികൾക്ക് സെപ്റ്റംബർ മുതൽ വിദഗ്ദ്ധ പരിശീലനം |
| ക്ലാസ് ലൈബ്രറി | CPTA യുടെ പങ്കാളിത്തത്തോടെ ഓരോ ക്ലാസിലും ഷെൽഫും ലൈബ്രറി പുസ്തകവും സജ്ജീകരിച്ചു. |

## പ്രശ്നങ്ങൾ - വെല്ലുവിളികൾ

### അക്കാദമികം

1. 1 മുതൽ 5 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
2. വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും ഐ.സി.ടി സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം പേർക്കും കഴിഞ്ഞിട്ടില്ല.
3. ക്ലാസ് ലൈബ്രറികൾ വേണ്ടത്ര പ്രയോജനപ്രദമാകുന്നില്ല.
4. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാകുന്നില്ല.
5. കലാ-കായിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
6. സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകാൻ കഴിയുന്നില്ല.
7. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യ പദ്ധതി, പാഠപുസ്തകം, പഠന പ്രക്രിയ എന്നിവയില്ല.
8. എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (മലയാളം, ഇംഗ്ലീഷ്,അറബി,ഗണിതം, പരിസരപഠനം) എന്നിവയിൽ നിർദ്ദേശിക്കപ്പെട്ട പഠനനേട്ടങ്ങൾ, ശേഷികൾ ഇവ ആർജ്ജിക്കാൻ കഴിയുന്നില്ല.

### ഭൗതികം

1. എല്ലാ ക്ലാസ്മുറികളിലും ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിനാവശ്യമായ ഭൗതികസൗകര്യങ്ങളോ സാങ്കേതിക സൗകര്യങ്ങളോ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
2. കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കാനുതകുന്ന ഗ്രൗണ്ടില്ല.
3. ക്ലാസ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടില്ല.

## സാമൂഹികം

1. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.
2. പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം ഉറപ്പാക്കുന്നില്ല.
3. കലാകായിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
4. കലാകായിക പ്രവൃത്തി പരിചയ-പരിപാടികൾ സംഘടിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.

മലയാളം

ആമുഖം

കേരളത്തിലെ ഓരോ പൊതുവിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുവരുവാനുള്ള തീവ്രശ്രമങ്ങൾ സർക്കാർ, വിദ്യാഭ്യാസവകുപ്പ്, ജനപ്രതിനിധികൾ, ത്രിതല പഞ്ചായത്തുകൾ, പൊതുജനങ്ങൾ, അധ്യാപക രക്ഷാകർതൃ സമിതി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ക്ലാസ്മുറികളിൽ വിഷയാധിഷ്ഠിതമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ കണ്ടെത്തുകയും അവ നടപ്പിലാക്കുകയും ചെയ്യേണ്ടത് ഓരോ വിദ്യാലയത്തിന്റെയും അക്കാദമിക നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്.

1. മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

അക്കാദമികം

1. 3,4,5 ക്ലാസുകളിലെ കുട്ടികൾ - അക്ഷരത്തെറ്റുകൾ വരുത്തുന്നു. ചിഹ്നങ്ങൾ ഉറക്കുന്നില്ല
2. വായനയിലെ പിന്നോക്കാവസ്ഥ
3. എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല.

പ്രവർത്തനങ്ങളിൽ പങ്കാളിത്തക്കുറവ്

ഭൗതികം

3.പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനാവശ്യമായ സ്ഥലസൗകര്യം, ഇരിപ്പിടം, ഐ.സി.റ്റി സൗകര്യം ഇവയുള്ള ക്ലാസ്മുറികളുടെ അഭാവം

സാമൂഹികം

വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്ന പരിഹരണത്തിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

മേഖല : അക്കാദമികം

പ്രശ്നം : അക്ഷരത്തെറ്റുകൾ വരുത്തുന്നു. ചിഹ്നങ്ങൾ

പ്രവർത്തനം : അക്ഷരഖനി

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. Pre - test ചോദ്യാവലി തയ്യാറാക്കൽ ആസൂത്രണം നടത്തിപ്പ് | ക്ലാസ് അധ്യാപകർ 2,3,4,5 | ജൂൺ ആദ്യവാരം | 2000 | പി.ടി.എ |
| 2. അക്ഷരം ഉറപ്പിക്കൽ - അക്ഷരക്കാർഡ് ഉപയോഗിച്ച് | ക്ലാസ് അധ്യാപകർ 2,3,4,5 | ജൂൺ - ആഗസ്റ്റ് | 1000 | CPTA |
| 3. (പിയർ ഗ്രൂപ്പ് സ്റ്റഡി) ചിഹ്നം ഉറപ്പിക്കൽ | ക്ലാസ് അധ്യാപകർ 2,3,4,5 | ആഗസ്റ്റ് - ഡിസംബർ | 1000 | |
| 4. വാക്കു നിർമ്മാണം<br>5. വീഡിയോക്ലിപ്പിങ്ങ് - വാക്യ നിർമ്മാണം | ക്ലാസ് അധ്യാപകർ 2,3,4,5 | ഡിസംബർ - ഫെബ്രുവരി<br>ഫെബ്രുവരി 2-ാം വാരം | 1000<br>1000 | |
| 6. ചിത്രങ്ങളിൽ നിന്ന് കഥ, കവിത<br>7. പോസ്റ്റ് ടെസ്റ്റ് | ക്ലാസ് അധ്യാപകർ 2,3,4,5 | | | |

പ്രവർത്തനപദ്ധതി വിശകലനം

| മേഖല : അക്കാദമികം<br>പ്രശ്നം : 2 വായനയിലെ പിന്നോക്കാവസ്ഥ<br>ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരാക്കുക<br>പ്രവർത്തനം : വായനാവസന്തം | | | | |
|---|---|---|---|---|
| | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
| 1.വായനാ സജ്ജീകരിക്കൽ,ക്ലാസ് ലൈബ്രറി | ജൂൺ 2-ാം വാരം | ക്ലാസ് അധ്യാപകർ | | CPTA |
| 2. ഞാൻ വായിച്ച പുസ്തകം അസംബ്ലിയിൽ വായനാനുഭവം പങ്കുവയ്ക്കൽ | വർഷം മുഴുവൻ | അധ്യാപകർ | | |
| 3. വായിക്കുന്നതിനനുസരിച്ച് അംഗീകാരം നൽകൽ<br>10 പുസ്തകം- പ്രത്യേകം ID card (Green,red,golden) | എല്ലാ വർഷവും | അധ്യാപകർ | | CPTA<br>CPTA പഞ്ചായത്ത് |
| 4. പത്ര വായന | എല്ലാ വർഷവും | അധ്യാപകർ | | |
| 5. മികച്ച വായനാകുറിപ്പുകൾ പതിപ്പാക്കൽ<br>പ്രകാശനം ചെയ്യൽ | എല്ലാ ടേമിലും | അധ്യാപകർ | | PTA |

മേഖല : അക്കാദമികം
പ്രശ്നം : വായനയിലെ പിന്നോക്കാവസ്ഥ
ലക്ഷ്യം : കുട്ടിയെ മികച്ച വായനക്കാരാക്കുക
പ്രവർത്തനം : ക്ലാസ് ലൈബ്രറി

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ക്ലാസ് ലൈബ്രറി<br>ആശയ രൂപീകരണ ശില്പശാല | ക്ലാസ് അധ്യാപകർ | നവംബർ | 500/- | ഖരക്ഷിതാക്കൾ<br><br>അധ്യാപകർ |
| 2. രൂപരേഖ തയ്യാറാക്കൽ | SRG കൺവീനർ<br>അധ്യാപകർ | നവംബർ | 15,000/-<br><br>1200 x 9 | CPTA |
| 3. പുസ്തക സമാഹരണം | ക്ലാസ് അധ്യാപകർ<br>രക്ഷിതാക്കൾ,<br>പൂർവ്വ വിദ്യാർത്ഥികൾ | ഡിസംബർ | 500 | പി.ടി.എ<br><br>ബി.ആർ.സി<br>പി.ടി.എ |
| 4. ഭൗതിക സാഹചര്യം ഒരുക്കൽ | ക്ലാസ് അധ്യാപകർ<br>CPTA | ജനുവരി<br>ആദ്യവാരം | | പഞ്ചായത്ത് |
| 5. ക്ലാസ് ലൈബ്രറി ഉദ്ഘാടനം | ക്ലാസ് അധ്യാപകർ<br>HM | ജനുവരി 3-ാം<br>വാരം | | |

പ്രശ്നം 3 - എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല. പ്രവർത്തനങ്ങളിൽ പങ്കാളിത്തക്കുറവ്

പ്രവർത്തനം : നാടകാവതരണം(ജ്വാല)

ലക്ഷ്യം : സർഗാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കൽ

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. നാടകക്ലബ്ബ് രൂപീകരണം | എസ്.ആർ.ജി. കൺവീനർ,അദ്ധ്യാപകർ | ജൂലൈ | | |
| 2.പ്രവർത്ത കലണ്ടർ രൂപീകരണം. (അവതരണ ഇനങ്ങൾ നിശ്ചയിക്കൽ) | എസ്.ആർ.ജി. കൺവീനർ, അദ്ധ്യാപകർ (3,4,5) | ജൂലൈ | | |
| 3. സ്ക്രിപ്റ്റ് തയ്യാറാക്കൽ | ക്ലാസ് അദ്ധ്യാപകൻ, നാടകക്ലബ്ബ് കൺവീനർ | ജൂലൈ അവസാനവാരം | | |
| 4. മികച്ച അവതരണത്തിനായി ഒരുങ്ങൽ | ക്ലാസ് അദ്ധ്യാപകൻ, കൺവീനർ, കുട്ടികൾ | ആഗസ്റ്റ് മുതൽ | | CPTA |
| 5. ഉദ്ഘാടനം | HM,SRG കൺവീനർ | ആഗസ്റ്റ് 3-ാം വാരം | 1000/- | PTA |
| 6. പ്രതിമാസ അവതരണം | കൺവീനർ,കുട്ടികൾ | പ്രതിമാസം | | |
| 7. പ്രതിമാസ അവലോകനം മെച്ചപ്പെടുത്തൽ | SRG കൺവീനർ,അദ്ധ്യാപകർ | പ്രതിമാസം | | |
| 8. സ്ക്രിപ്റ്റ് സമാഹരണം | കൺവീനർ, SRG കൺവീനർ | വർഷാവസാനം | 5000/- | അദ്ധ്യാപകർ, PTA |

# ഇംഗ്ലീഷ്

## ആമുഖം

ഇംഗ്ലീഷ് ഭാഷാ പഠനം ഒന്നാം ക്ലാസ് മുതൽ ആരംഭിക്കുന്നതാണ്. എന്നാൽ പഠനത്തിനും ആശയവിനിമയത്തിനും സഹായകമായ വിധത്തിൽ ഇംഗ്ലീഷ് ഭാഷാ നൈപുണി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇംഗ്ലീഷ് പഠനത്തിൽ കുട്ടികൾ മികവാർജിച്ചതായി പൊതു സമൂഹത്തെ ബോധ്യപ്പെടുത്താനും നമുക്ക് കഴിയണം. അതിനു സഹായകമായ പരിപാടികൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

## ഇംഗ്ലീഷ് പഠനം - പ്രശ്നങ്ങൾ

1. ഓരോ ക്ലാസിലെയും പാഠ്യപദ്ധതി നിർദേശിക്കുനന പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ കഴിയുന്നില്ല.

2. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

3. a)ലോകഭാഷയെന്ന നിലയിൽ ഇംഗ്ലീഷിൽ കുട്ടികളിൽ താല്പര്യവും വായനാശീലവും ഇല്ല.

   b)കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ സംസാരിക്കാൻ വേണ്ടത്ര അനുഭവങ്ങൾ ലഭിക്കുന്നില്ല.

മേഖല : അക്കാദമികം

പ്രശ്നം : പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ കഴിയുന്നില്ല

പ്രവർത്തനം : ഈസി ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. വർക്ക് ഷോപ്പ്<br>പ്രീ-ടെസ്റ്റ് - ചോദ്യാവലി തയ്യാറാക്കൽ<br>ആസൂത്രണം, നടത്തിപ്പ് | ക്ലാസ് അധ്യാപകർ<br>2,3,4,5 | ആഗസ്റ്റ് -<br>ആദ്യ വാരം | | |
| 2. മൂല്യനിർണ്ണയം നടത്തൽ, റിപ്പോർട്ട് തയ്യാറാക്കൽ | ക്ലാസ് അധ്യാപകർ<br>2,3,4,5 | 2-ാം വാരം | 1000/- | പി.ടി.എ |
| 3. പ്രവർത്തന പാക്കേജ്(-ബ്രിഡ്ജ് കോഴ്സ്) തയ്യാറാക്കൽ | SRG കൺവീനർ | 3-ാം വാരം | 1000/- | പി.ടി.എ |
| 4. ഒരു ദിവസം ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസിലും) | ക്ലാസ് ടീച്ചർ | പ്രതിദിനം | | |
| 5. ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് ടീച്ചർ<br>സ്കൂൾ ലീഡർ | ആഴ്ചയിൽ<br>ഒരു ദിവസം | | പി.ടി.എ |
| 6. പോസ്റ്റ് - ടെസ്റ്റ് | ക്ലാസ് - ടീച്ചർ | ഡിസംബർ | 1000/- | പി.ടി.എ |

മേഖല : അക്കാദമികം

പ്രശ്നം : കുട്ടികൾക്ക് ഇംഗ്ലീഷ് സംഭാഷണഭാഷണത്തിൽ വേണ്ടത്ര അനുഭവങ്ങൾ ലഭിക്കുന്നില്ല

പ്രവർത്തനം : ഇംഗ്ലീഷ് ക്ലബ്(JWAL A )

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ക്ലബ് രൂപീകരണം (3,4,5 ക്ലാസിലെ കുട്ടികൾ - 25 പേർ) | കൺവീനർ | ജൂൺ 19 | | |
| 2. വാർഷിക കലണ്ടർ തയ്യാറാക്കൽ | കൺവീനർ | ജൂൺ അവസാന വാരം | | പി.ടി.എ |
| 3. വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തൽ പട്ടിക്കപ്പെടുത്തൽ | കൺവീനർ<br>ക്ലാസ് അദ്ധ്യാപകർ | ജൂലായ് ആദ്യ വാരം | | |
| 4. വിദഗ്ദ്ധരെ കണ്ടെത്തൽ ക്ലാസ് സംഘടിപ്പിക്കൽ | കൺവീനർ | ജൂലായ് മുതൽ (പ്രതിമാസം) | | പി.ടി.എ |
| 5. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ | കൺവീനർ | ഓരോ ആഴ്ചയിൽ ഒന്ന് | | |
| 6. ഇംഗ്ലീഷ് തീയേറ്റർ<br>സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>പ്രതിമാസ അവതരണം<br>പ്രതിമാസ അവലോകനം - മെച്ചപ്പെടുത്തൽ<br>ഡോക്യുമെന്റേഷൻ | ക്ലാസ് അദ്ധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br>കൺവീനർ | ആഗസ്റ്റ് മുതൽ ഓരോ മാസവും ഫെബ്രുവരി അവസാനവാരം | 5000/- | അദ്ധ്യാപകർ<br>പി.ടി.എ |

## അടിസ്ഥാന ഗണിതം

### ആമുഖം

എല്ലാ കുട്ടികളെയും ഗണിതപഠനത്തിന് താല്പര്യമുളളവരാക്കി മാറ്റാൻ ഉതകുന്നതരത്തിൽ ഗണിതപഠനത്തിലെ പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും നാം ഉറപ്പാക്കണം. ഗണിതം ഒരു കീറാമുട്ടി യാകാൻ ഇടയാകാതെ കുട്ടികൾ ആസ്വദിക്കുന്ന അവസ്ഥ വരണം. തനിക്കു പഠിക്കാൻ കഴിയമെന്ന വിശ്വാസം കുട്ടികൾക്കുണ്ടാകണം.

### ഗണിതപഠനം - പ്രശ്നങ്ങൾ

1. കുട്ടികൾക്ക് പ്രൈമറി ക്ലാസിലെ അടിസ്ഥാനാശയങ്ങൾ ധാരണയില്ല.
2. ഗണിതത്തിന്റെ അടിസ്ഥാന ശേഷികൾ എല്ലാവരിലും ഉറയ്ക്കുന്നില്ല.
3. പഠനനേട്ടങ്ങൾ ഉറപ്പാക്കാൻ ഓരോ ക്ലാസിലെയും അധ്യാപകർക്ക് കഴിയുന്നില്ല.
4. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. ഗണിത പഠനത്തിൽ താല്പര്യമില്ല.

മേഖല : അക്കാദമികം    പ്രവർത്തനപദ്ധതി :

പ്രശ്നം : ഗണിതത്തിന്റെ അടിസ്ഥാനശേഷികൾ ഉറയ്ക്കുന്നില്ല

പ്രവർത്തനം : കളിയും കാര്യവും

ലക്ഷ്യം : 2,3,4 ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ അവസ്ഥ തിരിച്ചറിയുന്നതിന്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ഒന്നാം ക്ലാസുമുതൽ 4 വരെ നേടേണ്ട അടിസ്ഥാന ആശയങ്ങളുടെ പട്ടിക തയ്യാറാക്കൽ പഠന നേട്ടങ്ങൾ - | ക്ലാസ് ടീച്ചർ | ജൂൺ | | |
| 2. ചോദ്യാവലി തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | ജൂൺ 2-ാം ദിവസം | | |
| 3. പ്രീ - ടെസ്റ്റ് | ക്ലാസ് ടീച്ചർ | | | |
| 4. മൂല്യനിർണയം | ക്ലാസ് ടീച്ചർ | | | പി.ടി.എ |
| 5. ഫലം ക്രോഡീകരിക്കൽ | ക്ലാസ് ടീച്ചർ | | | |
| 6. റിപ്പോർട്ട് SRG CPTA യിൽ അവതരണം | ക്ലാസ് ടീച്ചർ | | | |
| 7. പരിഹാരബോധന ക്ലാസ് | ക്ലാസ് ടീച്ചർ | | | |
| 8. പോസ്റ്റ് - ടെസ്റ്റ് | ക്ലാസ് ടീച്ചർ | | | |

പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമികം

പ്രശ്നം : ഗണിതപഠനത്തിൽ താല്പര്യം ഇല്ല. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.

പ്രവർത്തനം : ഗണിതക്ലബ് ലക്ഷ്യം : കുട്ടികൾക്ക് ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുക

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ക്ലബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കൽ | ക്ലബ് കൺവീനർ | മെയ് 3-ാം വാരം | | പി.ടി.എ |
| 2. വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്താന് പട്ടികപ്പെടുത്തൽ | ക്ലബ് കൺവീനർ | 4-ാം വാരം | | |
| 3. ചെയ്യേണ്ട സമയം കണ്ടെത്തൽ | ക്ലബ് കൺവീനർ | 4-ാം വാരം | | |
| 4. വിദഗ്ദ്ധരെ കണ്ടെത്തൽ | കൺവീനർ | ഓരോ മാസവും | 2000 | പി.ടി.എ |
| 5. ക്ലാസുകൾ സംഘടിപ്പിക്കൽ | കൺവീനർ | ഓരോ മാസവും | 2000 | പി.ടി.എ |
| 6. മെട്രിക് മേള സംഘടിപ്പിക്കൽ | അദ്ധ്യാപകർ | ഫെബ്രുവരി അവസാന വാരം | | പി.ടി.എ |
| 7. പഠനോപകരണ ശില്പകാല (വിദഗ്ദ്ധരെ കണ്ടെത്തൽ) | കൺവീനർ | | 5000 | പി.ടി.എ |
| 8. പഠനോപകരണങ്ങൾ നിർമ്മിക്കൽ | കൺവീനർ | ഓരോ മാസവും | | പി.ടി.എ |

## പരിഹാര പ്രവർത്തനം –

### 1. പ്രീ – ടെസ്റ്റ്

പ്രൈമറി കുട്ടികളിലെ കുട്ടികളുടെ പഠനനില തിരിച്ചറിയുന്നതിന് ജൂൺ മാസത്തിൽ തന്നെ ക്ലാസ്തലത്തിൽ പ്രീ-ടെസ്റ്റ് നടത്തുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി കുട്ടികളുടെ യഥാർത്ഥ പഠനപ്രശ്നങ്ങൾ കണ്ടെത്തുകയും അവയെ അപഗ്രഥിച്ച് കാരണങ്ങൾ കണ്ടെത്തുകയും റിപ്പോർട്ട് തയ്യാറാക്കി SRG,CPTA ഇവയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഉത്തരക്കടലാസുകൾ അടിസ്ഥാനരേഖയായി സൂക്ഷിക്കുന്നു.

### കളിയും കാര്യവും

പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തിയ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പരിപാടിയാണ് കളിയും കാര്യവും. ഓരോ യൂണിറ്റും ആരംഭിക്കുന്നതിനു മുമ്പ് നിശ്ചിത യൂണിറ്റിലെ മുൻക്ലാസിൽ കിട്ടിയ ആശയങ്ങൾ പഠന നേട്ടങ്ങൾ ഇവ ഉറപ്പിക്കേണ്ടതുണ്ട്. ഇതിനായി പലതരം ഗെയിമുകൾ, പരിഹാരബോധന പ്രവർത്തനങ്ങൾ, വർക്ക്ഷീറ്റുകൾ എന്നിവ ഉറപ്പാക്കും.

### ഗണിത ക്ലബ്

ഗണിതാഭിമുഖ്യം വളർത്തുന്നതിനും നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരമുണ്ടാക്കുന്ന സംവിധാനമാണിത്. ഗണിതത്തിലെ എളുപ്പവഴികൾ, കുസൃതി കണക്കുകൾ തുടങ്ങി കുട്ടികൾക്ക് രസകരമായ പ്രവർത്തനങ്ങളൊരുക്കി ഗണിതം എല്ലാവർക്കും ആസ്വാദ്യകരമാക്കി മാറ്റുക എന്നതിനുള്ള അവസരമാണ് ഒരുക്കുന്നത്

### മെട്രിക് മേള

കുട്ടികളുടെ ഗണിത ഉല്പന്നങ്ങൾ, പഠനോപകരണങ്ങൾ എന്നിവയുടെ പ്രദർശനം. മെട്രിക് അളവുകൾ, തൂക്കം എന്നിവ സംബന്ധിച്ച ധാരണ നൽകൽ ഗണിതകേളികൾ, പസിലുകൾ ഇവയുടെ അവതരണം പി.ടി.എ.യുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

# അടിസ്ഥാന ശാസ്ത്രം

കുട്ടികളിലെ ശാസ്ത്രീയമായ ആകാംക്ഷയും സർഗാത്മകതയും പരിപോഷിപ്പിച്ച് ശാസ്ത്രീയ വിജ്ഞാനം നേടാൻ സഹായിക്കുകയും അന്വേഷണാത്മക പഠനത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുകയാണ് ശാസ്ത്രപഠനത്തിലൂടെ നടക്കുന്നത്. കുട്ടികളിൽ കൗതുകവും ജിജ്ഞാസയും നിരീക്ഷണപാടവവും വളർത്തുന്ന രീതിയിൽ ശാസ്ത്രപഠനത്തിൽ പുതിയ അന്വേഷണം നടക്കണം. അവ പരിഹരിക്കാനുള്ള ഒരു ശ്രമമാണ് ഞങ്ങൾ നടത്തുന്നത്.

## ശാസ്ത്രപഠനം - പ്രശ്നങ്ങൾ

1.പ്രൈമറി ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങലും ശേഷികളും നേടാൻ കഴിയുന്നില്ല.

2. കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും പരിമിതിയുണ്ട്.

3. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

മേഖല : അക്കാദമികം

പ്രശ്നം : വിവിധ വൈജ്ഞാനിക മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അറിയുന്നില്ല. അതത് മേഖലകളിലുണ്ടാകുന്ന ദൈനംദിന മാറ്റങ്ങൾ ഗ്രഹിക്കുന്നില്ല

പ്രവർത്തനം : ലോക ജാലകം

| ഉപപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. വാർത്താധിഷ്ഠിത ക്വിസിലേക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കൽ( | ജൂൺ - ഫെബ്രുവരി | കൺവീനർ<br>SRG കൺവീനർ | | സ്റ്റാഫ് കൗൺസിൽ |
| 2. ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ (എല്ലാ തിങ്കളാഴ്ചയും) | | | | |
| 3. ഉത്തരങ്ങൾ ലോകജാലകം ബുക്കിൽ രേഖപ്പെടുത്തൽ (3,4,5 ക്ലാസിലെ കുട്ടികൾ) | തിങ്കൾ - വ്യാഴം | ക്ലാസ് അധ്യാപകൻ | | |
| 4. ക്ലാസ് ടീച്ചർ പരിശോധിച്ച ഗ്രേഡ് നൽകൽ | വെള്ളി | ക്ലാസ് അധ്യാപകൻ<br>കൺവീനർ | | |
| 5. ഉത്തരങ്ങൾ നോട്ടീസ്ബോർഡിൽ പ്രദർശനം | | കൺവീനർ | | |
| 6. മാസാവസാനം പ്രശ്നോത്തരി | | ക്ലാസ് ടീച്ചർ | | |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 7. ലഭിച്ച സ്കോർ പ്രവർത്തന പുരോഗതി രേഖയിൽ രേഖപ്പെടുത്തൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ | | |
| 8. CPTA യിൽ അവതരിപ്പിക്കൽ. ഉയർന്ന സ്കോർ നേടിയ കുട്ടികൾക്ക് ട്രോഫികൾ നൽകൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ | 1000/- | പി.ടി.എ |
| 9. ലോക ജാലകം - മെഗാക്വിസ് (100 ചോദ്യങ്ങൾ - മൾട്ടിപ്പിൾ ചോയ്സ് 50% - വാർത്താധിഷ്ഠിതം, 50 % പാഠഭാഗം) സമയം 2 മണിക്കൂർ<br>സമയം 2 മണിക്കൂർ<br>(OMR ഷീറ്റിൽ) | 2018 ഫെബ്രുവരി അവസാനവാരം | കൺവീനർ<br>SRG കൺവീനർ | 2000/- | സ്റ്റാഫ് കൗൺസിൽ, പി.ടി.എ |
| 10. ജനകീയ സദസ്സ് - അനുമോദനം<br>(70% മുകളിൽ നേടിയ കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫികളും | മാർച്ച് | SRG,HM,<br>PTA പ്രസിഡണ്ട് | 2000/- | പി.ടി.എ<br>പഞ്ചായത്ത് |

പ്രശ്നം : 2 സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും പരമമിതിയുണ്ട്.

പ്രവർത്തനം : ശാസ്ത്രകൗതുകം

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ശാസ്ത്രത്തിൽ അടിസ്ഥാനാശയങ്ങൾ കൈവരിക്കാൻ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ക്ലബ് രൂപീകരണം | കൺവീനർ- ശാസ്ത്രക്ലബ് | ജൂൺ 2-ാം വാരം | | |
| 2. പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ | അധ്യാപകർ | ജൂൺ 3-ാം വാരം | | |
| 3.പ്രതിമാസ കലണ്ടർ തയ്യാറാക്കൽ | കൺവീനർ | ജൂൺ 3-ാം വാരം | | |
| 4. അവതരണ ഇനങ്ങൾ തീരുമാനിക്കൽ : സാമഗ്രികൾ സംഘടിപ്പിക്കൽ | കണവീനർ | ജൂൺ 3-ാം വാരം | | |
| 5. ഒരുക്കം | കൺവീനർ.ഗ്രൂപ്പ് | 4-ാം വാരം | | |
| 6. പരീക്ഷണം- ഉദ്ഘാടനം | കൺവീനർ, HM | ജൂലൈ 3 | | |
| 7. പ്രതിവാര അവതരണം കുറിപ്പ് തയ്യാറാക്കൽ | കൺവീനർ, കുട്ടികൾ | ജൂലൈ 10 | | |
| 8. പരീക്ഷണ ശില്പശാല (പഞ്ചായത്ത് തലം) | അധ്യാപകർ, ഗ്രൂപ്പംഗങ്ങൾ, PTA | ജനുവരി അവസാന വാരം | 5000 | CRC,PTA പഞ്ചായത്ത് |

പ്രശ്നം : സബ്ജില്ലാ മേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല.
ലക്ഷ്യം : വെറും കാഴ്ചക്കാരനാകാതെ എല്ലാ കുട്ടികളും പങ്കെടുക്കുന്ന എല്ലാവരുടെയും കഴിവുകൾ ഉപയോഗപ്പെടുന്ന വിധത്തിലുള്ള ശാസ്ത്രപഠനമേളകൾ സംഘടിപ്പിക്കുക
പ്രവർത്തനം : സ്കൂൾതല ശാസ്ത്രമേള

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആസൂത്രണം | | ജൂൺ | | |
| വിഭവസമാഹരണം തുടക്കം | | ജൂൺ - ജനുവരി | | |
| പ്രചരണം | | ഓഗസ്റ്റ് | | |
| പുസ്തക പ്രദർശനം | ശാസ്ത്രക്ലബ് | | | |
| പഴയകാല തൊഴിലുപകരണങ്ങളും ഇവയുടെ കാലാനുസൃതമായ മാറ്റവും | | സെപ്റ്റംബർ | | |
| വ്യത്യസ്ത വിത്ത് ശേഖരിച്ച് വിത്തു മരം നിർമ്മാണം | | | | |
| മേള ഒരുക്കൽ | ശാസ്ത്രക്ലബ് | നവംബർ ആദ്യവാരം | 7000 | പി.ടി.എ |
| അനുഭവക്കുറിപ്പ് തയ്യാറാക്കൽ | ശാസ്ത്രക്ലബ് | | | |

## സൗഗന്ധ്യം

ലക്ഷ്യം : വിദ്യാർത്ഥികളിൽ പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം വളർത്തിയെടുക്കുക
: നമുക്ക് ചുറ്റുമുള്ള ഔഷധ സസ്യങ്ങളെക്കുറിച്ച് മനസ്സിലാക്കി അവയെ പരിരക്ഷിക്കുക
: കുട്ടികളിൽ നേതൃപാടവും കൂട്ടായ്മയും വളർത്തുക

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഔഷധതോട്ട നിർമ്മാണം | പരിസ്ഥിതി ക്ലബ് | ജൂൺ | | ഗ്രാമപഞ്ചായത്ത് കൃഷിഭവൻ |
| ഔഷധ സസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കുക | | | | |
| മരങ്ങൾ നട്ടുപിടിപ്പിക്കുക | | | | |
| ഫീൽഡ് ട്രിപ്പ് | ഓഗസ്റ്റ് | | | |
| കമ്പോസ്റ്റ് നിർമ്മാണ പരിശീലനം | | | | |
| പരിസ്ഥിതി പോസ്റ്റർ നിർമ്മാണം | | | | |
| ഔഷധച്ചെടികളുടെ ഔഷധഗുണംപ്രായോഗികാവശ്യത്തിന് വിനിയോഗിക്കുന്ന രീതിയിൽ പ്രവർത്തനം ക്രമീകരിക്കുന്നു | | | | |